## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2410 — 20.06.2012-ൽ മറുപടിക്ക്

### സെക്യൂരിറ്റി സർവ്വീസ് മേഖലയിലെ സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സെക്യൂരിറ്റി സർവ്വീസ് മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യഏജൻസികളെ നിയന്ത്രിക്കുന്നതിനും സർക്കാർ പ്രഖ്യാപിച്ച മിനിമം വേതനം പ്രസ്തുത ഏജൻസികൾ നൽകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | തൊഴിൽ വകുപ്പിൽ എൻഫോഴ്സ്മെൻറ് ഉദ്യോഗസ്ഥർ പരിശോധനാ വേളയിൽ മിനിമം വേതനം നടപ്പിലാക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും കൂടാതെ മറ്റ് നിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ നിയമം പാലിക്കാത്ത സ്വകാര്യ സെക്യൂരിറ്റി റിക്രൂട്ടിംഗ് ഏജൻസികൾക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളത് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | വയനാട് - 1<br>എറണാകുളം - 2<br>പാലക്കാട് - 1<br>ആലപ്പുഴ - 1 എന്നിങ്ങനെ നാലു ജില്ലകളിലായി 5 കേസുകളിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ പ്രൈവറ്റ് സെക്യൂരിറ്റി റഗുലേഷൻ ആക്ട് - 2005 കേരളത്തിൽ നടപ്പാക്കുന്നതിനുള്ള കാലതാമസത്തിന് വിശദീകരണം നൽകാമോ? | (സി) | ഇത് തൊഴിൽ വകുപ്പിൻെറ പരിധിയിൽ വരുന്നതല്ല. |

സെക്ഷൻ ആഫീസർ